# ഹരിതമോഹനം - ഒരു പഠനം

ഒൻപതാം ക്ലാസ്സിലെ മലയാള പാഠാവലിയുടെ ഭാഗമായി പഠിച്ച, ശ്രീ. സുസ്മേഷ് ചന്ദ്രോത്ത് എന്ന യുവകഥാകൃത്തിന്റെ 'ഹരിതമോഹനം' എന്ന പരിസ്ഥിതി പ്രമേയമായ ചെറുകഥയുടെ പഠനമാണ് ഈ ഉപന്യാസത്തിലൂടെ അവതരിപ്പിക്കപ്പെടുന്നത്.

"ഹരിതമോഹനം" എന്ന ഈ കഥ പേരുപോലെ 'ഹരിതം' അഥവാ 'പച്ചപ്പി'നെ പ്രണയിക്കുന്ന കഥാകാരന്റെ സ്വപ്നസഞ്ചാരങ്ങളെയാണ് അനാവൃതമാക്കുന്നത്. നഗരത്തിലെ തിരക്കുപിടിച്ച ജീവിതത്തിനിടയിലും ഗ്രാമത്തിന്റെ പച്ചപ്പാർന്ന ഓർമ്മകളിലും സ്വപ്നങ്ങളിലുമാണ് അയാൾ ആനന്ദം കണ്ടെത്തുന്നത്.

നീണ്ട 16 വർഷം കൊണ്ട് നേടിയെടുത്ത പീറ്റർ ഓക്സിന്റെ ശാഖാമാനേജർ എന്ന സ്ഥാനം വലുതാണെങ്കിലും, പത്തുവർഷമായി വാടകമുട്ടാതെ കഴിഞ്ഞുകൂടാനുള്ള വരുമാനമൊഴിച്ചാൽ, സ്വപ്നങ്ങളൊഴികെ, ബാക്കിയൊന്നുമില്ലാത്ത തിരക്കുപിടിച്ച ജീവിതം. ഇക്കണോമിക്സ് പഠിച്ച് ഗുമസ്തയായ ഭാര്യ സുമന വലിയ പരിഭവങ്ങളില്ലാത്ത, അരവിന്ദന്റെ മോഹങ്ങളെയും, വേവലാതികളെയും തിരിച്ചറിയുന്ന നല്ലൊരു ഭാര്യ. അതിനേക്കാളേറെ, സ്വന്തമായി കുറച്ചു ഭൂമിയും വീടും അരവിന്ദനോടൊപ്പം തന്നെ സ്വപ്നം കാണുന്നവൾ. വേണ്ടത്ര പണമില്ലാത്തവനാണ് തന്റെ ഭർത്താവെന്നറിഞ്ഞിട്ടും ആ സ്വപ്നം എന്നെങ്കിലും അരവിന്ദനിലൂടെ പൂവണിയുമെന്നുവിശ്വസിക്കുന്നവൾ. അയാളുടെ സ്വഭാവമഹിമയിൽ അയാളേക്കാൾ വിശ്വാസമുള്ളവൾ. മക്കളായ തന്മയയും പീലിയും ഫ്ളാറ്റിന്റെ ചുമരുകൾക്കപ്പുറം ഒരു ലോകമുണ്ടെന്നറിയാത്തവരാണ്. നിഷ്കളങ്കരായ അർക്ക് 'മര'മെന്നാൽ വെറും ക്രിസ്മസ്ട്രീയായതിൽ തെറ്റുപറയാനാവില്ല. ഫ്ളാറ്റിൽ ഉണ്ടാകുന്ന മറ്റൊരു മരവും അവർ കണ്ടിട്ടില്ല. നിഷ്കളങ്ക ബാല്യത്തിന്റെ പ്രതിരൂപമാണവർ. ഇംഗ്ലീഷ് മീഡിയം സ്കൂളിൽ മക്കളെ പഠിപ്പിക്കുവാനുള്ള തത്രപ്പാടിനെക്കുറിച്ച് സുമന ആകുലപ്പെടുന്നത് 40,000 മുതൽ 60,000 രൂപ വരെയാണ് ഓരോ സ്കൂളും ഒരു വർഷത്തേക്ക് വാങ്ങുന്ന ഫീസെന്നാണ്. മിഡിൽ ക്ലാസ്സുകാരായ കുടുംബങ്ങളുടെ പൊങ്ങച്ചങ്ങളുടെ നേർക്കാഴ്ചയാണ് ഈ കുടുംബവും. അമിതഭാരം പേറിയും തങ്ങളുടെ കുട്ടികളിൽ ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം ഉണ്ടാക്കിയെടുക്കുന്നതിൽ അഭിമാനിക്കുകയും പെടാപാടുപെടുകയും ചെയ്യുന്ന ഇടത്തരം കുടുംബങ്ങളുടെ പ്രതിനിധികളാണീദമ്പതികൾ. മാത്രമല്ല, സംസാരഭാഷയിൽ ഇംഗ്ലീഷ് പ്രയോഗങ്ങൾ കടന്നുവരുമ്പോൾ അവരത് അന്തസ്സായി കാണുന്നുണ്ട്. ഒരാൾക്ക് നാല്പതിനായിരം മുതൽ അറുപതിനായിരം രൂപ വരെ ഒരു വർഷത്തേക്കുള്ള ഫീസായി കൊടുക്കേണ്ടിവരുമെന്ന് വല്ലാതെ ആശങ്കപ്പെടുന്നതോടൊപ്പം 'അതിനുള്ള നിലവാരവും അവർ നൽകുന്നുണ്ടെന്ന്' അഭിമാനിക്കുകയും ചെയ്യുന്ന ഒരമ്മയെ ഇവിടെ സുമനയിൽ കാണാം. മാത്രമല്ല കുട്ടികളുടെ സംഭാഷണങ്ങൾക്കിടയിൽ 'ട്രീ'യെന്നും 'സോയിൽ' എന്നുമെല്ലാമുള്ള ഇംഗ്ലീഷ് പദങ്ങൾ ഇടയ്ക്കിടെ കയറിവരുന്നതായി കാണാം. മാത്രമല്ല ഈ വിദ്യാഭ്യാസം നിഷേധിച്ചാൽ അത് ഈ നഗരജീവിതത്തിൽ 'അവരുടെ ശബ്ദം നേർത്തതാകും അത് ഒരച്ഛന്റെ ചങ്കുപിളർത്താനുള്ള മൂർച്ച മാത്രം നഷ്ടപ്പെടാതെ നിൽക്കും' എന്നും പ്രസ്താവിക്കുന്നു. ഉന്നതനിലവാരം പുലർത്തുന്ന സൗജന്യ വിദ്യാഭ്യാസം ലഭ്യമാകുന്ന ഈ കാലത്തും ഇവിടെ കാണുന്നത് ഇംഗ്ലീഷ് വിദ്യാഭ്യാസം മക്കൾക്ക് നിഷേധിച്ചാൽ അവർക്ക് ഈ നഗരജീവിതത്തിൽ അവരുടെ വ്യക്തിത്വം അടയാളപ്പെടുത്താതപോകും എന്നും അതുമൂലം ഭാവിയിൽ കുട്ടികൾ മാതാപിതാക്കളെ കുറ്റപ്പെടുത്താൻ ഇടവരുത്തുമെന്നുമുള്ള മധ്യവർഗ്ഗ കുടുംബങ്ങളിലെ സ്ത്രീകളുടെ ചിന്തകളാണിവിടെ കഥാകാരൻ അനാവരണം ചെയ്യപ്പെടുന്നത്. മലയാള ഭാഷാ പഠനത്തോടുള്ള വിമുഖതയാണിവിടെ വെളിവാകുന്നത്.

തിക്കും തിരക്കുമേറിയ നഗരജീവിതത്തിനിടയിലും പ്രകൃതിയെ പ്രണയിക്കുന്ന ഒരു നാട്ടുമ്പുറത്തുകാരൻ. വർഷങ്ങളായി നഗരത്തിലെ കോൺക്രീറ്റ് സമുച്ചയത്തിൽ താമസി

ക്കേണ്ടി വരുന്ന കഥാനായകനായ അരവിന്ദാക്ഷന് തന്റെ അത്യധികമായ പ്രകൃതിസ്നേഹം മൂലം ഫ്ലാറ്റിലെ നിയമങ്ങളെയും നിയന്ത്രണങ്ങളെയും ലംഘിക്കേണ്ടിവരുന്നതും, അതു മൂലമുണ്ടാകുന്ന നിരന്തരമായ ആത്മസംഘർഷങ്ങളുമാണ് ഈ കഥയെ നയിക്കുന്നത്.

'മണ്ണി'നെ 'അറയ്ക്കുന്നതും' 'രോഗമുണ്ടാക്കുന്നതു'മായ വസ്തുവായി കാണുന്ന ഫ്ലാറ്റിലെ പൊങ്ങച്ചക്കാരികളായ അമ്മമാർക്കിടയിൽ, രഹസ്യമായികൊണ്ടുനടക്കുന്ന തന്റെ പ്രകൃതി സ്നേഹത്താൽ അരവിന്ദാക്ഷന് വളരെയേറെ ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുന്നു.

പ്രശ്നങ്ങളുടെ തുടക്കമിവിടെയായിരുന്നു. താനേറെയിഷ്ടപ്പെടുന്ന ഒരു ഇലഞ്ഞിത്തൈ ലഭിച്ചപ്പോൾ അതിനെ രഹസ്യമായി ഫ്ളാറ്റിലെത്തിച്ച അരവിന്ദാക്ഷൻ അത് നടുന്നതിനുള്ള മണ്ണ് ഫ്ളാറ്റ് നടത്തിപ്പുകാരനായ രാജൻ പിള്ളയുടെ കണ്ണുവെട്ടിച്ച് കൊണ്ടുവന്നെങ്കിലും, കവർപൊട്ടി ലിഫ്റ്റിൽ വീണ ഒരല്പം മണ്ണ് അയാൾ കണ്ടുപിടിക്കുകയും വലിയ കുറ്റമായി ആരോപിക്കുകയും, അരവിന്ദനെ ശകാരിക്കുകയും ചെയ്യുന്നു. ഈ സന്ദർഭത്തിൽ അയാൾ ലിഫ്റ്റിൽ പലപ്പോഴും ഇറച്ചിയുടെയും മറ്റും ചോരത്തുള്ളികൾ കണ്ടമ്പരന്ന സന്ദർഭങ്ങൾ ഓർക്കുന്നു. മാത്രമല്ല "ഇറച്ചിക്കുവേണ്ടി ജീവനെടുക്കുന്ന ജന്തുവിന്റെ ചോരയേക്കാൾ അറപ്പിക്കുന്നതും നികൃഷ്ടവുമാണോ മണ്ണ് ?" എന്ന് സ്വയമേ ആശ്ചര്യപ്പെടുന്നു.

"എല്ലാവരും മണ്ണുംപൊടിയും അടിച്ചുവാരിപ്പുറത്തുകളയുമ്പോൾ താനെന്തിനാ മണ്ണ് വലിച്ചു അകത്തേക്ക് കൊണ്ടുവരുന്നത് ?' എന്നും വെള്ളം മാത്രമൊഴിച്ചു വളർത്തുന്ന മണി പ്ലാന്റ് നട്ടാൽ മതിയല്ലോ, അതുമല്ലെങ്കിൽ ഒറിജിനലിനെ വെല്ലുന്ന പ്ലാസ്റ്റിക്ക് ചെടി നടാനും അയാളെ രാജൻപിള്ള ഉപദേശിക്കുന്നു. രാജൻപിള്ളയുടെ ഇത്തരം വാക്കുകൾ ആധുനിക കാല ഘട്ടത്തിലെ ഫ്ളാറ്റു ജീവിതങ്ങളുടെ പൊതുവീക്ഷണമായാണിവിടെ അവതരിപ്പിക്കപ്പെടുന്നത്.

എന്നാൽ അരവിന്ദാക്ഷനാകട്ടെ ആ തൈ നട്ടപ്പോഴുള്ള മക്കളുടെ കൗതുകവും, നട്ടതൈകൾ തങ്ങളുടെ സ്വപ്നഭൂമിയിലേയ്ക്ക് പറിച്ചുനടാമെന്ന ഭാര്യയുടെ പ്രതീക്ഷയുമെല്ലാം, ചെമ്പകവും, വയലറ്റ് മന്ദാരവും, നാഗലിംഗമരവും, നീർമാതളവും, മെയ്‌വാകയും, പുന്നയും, ആര്യവേപ്പുമെല്ലാം ഘട്ടംഘട്ടമായി, രഹസ്യമായി ടെറസ് നിറയെ ചെടികൾ നടുന്നതിലേക്കെത്തിക്കുന്നു. മാത്രമല്ല രഹസ്യമായിചെയ്യുന്ന ഇത്തരം പ്രവർത്തികൾ ഇദ്ദേഹത്തിന്റെ സ്വഭാവശുദ്ധിയെ തന്നെ ചോദ്യം ചെയ്യുന്ന സന്ദർഭങ്ങൾ ഉണ്ടാക്കുന്നുണ്ട്. തന്റെ സഹപ്രവർത്തകയായ ഷൈന നൽകിയ കണിക്കൊന്ന വിത്തുകൾ പാകാനുള്ള ഒരല്പം മണ്ണന്വേഷിച്ച് ഫ്ളാറ്റിന് ചുറ്റും പരകി നടന്നിട്ടും, കാർപോർച്ചിനരികിലെ തറയോട് പൊളിഞ്ഞിടത്തുനിന്നുമാത്രമാണൊരല്പം മണ്ണു കണ്ടെത്താൻ അയാൾക്കായത്. ഈ പ്രവർത്തിയാകട്ടെ റാണിമാഡത്തിന്റെ കുളിമുറിയിലേക്ക് ഒളിഞ്ഞുനോട്ടമായാണ് ആരോപിക്കപ്പെടുന്നത്. മാത്രമല്ല വളർന്നുവരുന്ന ആ ചെടികൾക്കിടയിൽ രാവിലെയും വൈകുന്നേരങ്ങളിലും കൂടുതൽ സമയം ചിലവഴിക്കുന്നത് പതിവായപ്പോൾ അത് അയൽതാമസക്കാരായ മഹേന്ദ്രന്റെയും ഗീതയുടേയും റൂമിലേക്കുള്ള എത്തിനോട്ടമായിപ്പോലും വ്യാഖ്യാനിക്കപ്പെടുകയുണ്ടായി.

അരവിന്ദാക്ഷന്റെ എത്തിനോട്ടങ്ങളെ തടുക്കുവാൻ അവരുടെ കിടപ്പുമുറിയുടെ വായുദ്വാരങ്ങൾ വരെ വർത്തമാനപത്രം തിരുകി അടക്കുന്നതായും കാണാം. നിരവധിയായ അപമാനഭാരങ്ങൾ പേറിയാണെങ്കിലും, തന്റെ ചെടികൾ വളർന്നുവലുതാകുന്നതിൽ അയാൾ സന്തോഷിക്കുകയും, ആ മരങ്ങൾ മണ്ണിൽ നട്ട് താൻ പണിയുന്ന വീട്ടിൽ സുമനയോടൊത്ത് വാർദ്ധക്യം പങ്കിടുന്നതുമയാൾ സ്വപ്നം കാണുന്നുണ്ട്.

അയാളുടെ സ്വഭാവശുദ്ധി സംശയിക്കുന്ന ആരോപണങ്ങളുമായെത്തുന്ന രാജൻ പിള്ളയ്ക്കുള്ള മറുപടിയായി സുമന ടെറസ്സിൽ തിങ്ങി നിറഞ്ഞുവളരുന്ന ചെടികളെയാണ് കാണിച്ചുകൊടുക്കുന്നത്. ഇത്രയധികം ചെടികൾ കണ്ട് അമ്പരന്നുപോയ രാജൻപിള്ള നിശബ്ദനായി തിരിച്ചുപോകുന്നു. തന്റെ ഭർത്താവിന്റെ സ്വഭാവശുദ്ധിയിൽ ആ ഭാര്യയ്ക്കുള്ള വിശ്വാസം അചഞ്ചലമാണെന്നാണ് ഈ സന്ദർഭം വെളിവാക്കുന്നത്.

എപ്പോഴും കുറ്റപ്പെടുത്തലുകളോടുകൂടെ മാത്രം തന്റെ മുന്നിൽ പ്രത്യക്ഷപ്പെടുന്ന, ദേഷ്യക്കാരനായ രാജൻപിള്ള പിറ്റേദിവസം വളരെ സന്തോഷമുളവാക്കുന്ന ഒരു വാർത്തയാണ് ഈ ദമ്പതികളോട് പങ്കുവെയ്ക്കുന്നത്. ഫ്ളാറ്റിൽ നിന്നും 18 കി. മീ. ദൂരത്തായി കോൾപ്പാടത്തിനടുത്ത് താങ്ങാവുന്ന വിലയിൽ ഒരമേരിക്കക്കാരന്റെ കുറച്ചു സ്ഥലം വിൽക്കാനുണ്ടെന്നും വില

പ്രശ്നമല്ലെന്നും അത് മരങ്ങൾ സംരക്ഷിക്കുന്ന വ്യക്തികൾക്കേ വിൽക്കൂ എന്നാണയാളുടെ തീരുമാനമെന്നും, അതിന് പറ്റിയവർ നിങ്ങൾ തന്നെയാണെന്നും പറയുന്നു. സുമനയാകട്ടെ നിറഞ്ഞ മനസ്സോടെ വാചാലയായി രാജൻപിള്ളയോട് സംസാരിക്കുന്നു. ടെറസിൽ തിങ്ങി നിറഞ്ഞു നിൽക്കുന്ന ചെടികൾ താഴേക്ക് നോക്കി സന്തോഷപൂർവ്വം തലയാട്ടുന്നതായും ചിത്രീകരിച്ചിരിക്കുന്നു. തന്റെ കൃത്യനിർവ്വഹണത്തിനുതകുന്ന രീതിയിൽ പരുക്കനായി പെരുമാറുമ്പോഴും ഉള്ളിൽ 'പ്രകൃതിസ്നേഹത്തിന്റെ മൂല്യം' തിരിച്ചറിയുന്ന ഒരു നല്ല വ്യക്തിത്വമായി രാജൻപിള്ള ഇവിടെ മാറുന്നുണ്ട്. അരവിന്ദന്റെ തീവ്രമായ പ്രകൃതിസ്നേഹം പരുക്കനായ രാജൻപിള്ളയെപോലും മാറ്റിയെടുത്തു എന്നു വേണം മനസ്സിലാക്കാൻ.

ഏത് പ്രതിസന്ധികളെ നേരിടുമ്പോഴും, പ്രകൃതിയിൽ നിന്നും വേറിട്ട് തനിക്കൊരസ്ഥിത്വമില്ലെന്നാണ് കഥാകാരൻ ഇവിടെ വെളിപ്പെടുത്തുന്നത്. പ്രകൃതിയും മണ്ണുമായി മനുഷ്യനുള്ള അഭേദ്യമായ ബന്ധത്തിന്റെ മഹത്വമാണ് ഈ കഥയിലൂടെ അനാവരണം ചെയ്യപ്പെടുന്നത്. വിത്തുമുളപ്പിക്കാനൊരൽപ്പം മണ്ണ് പോലും കണ്ടെത്താനാവാതെ വിഷമിച്ച നഗരജീവിതത്തിൽ നിന്നും, തന്റെ ചെടികളെല്ലാം പൂത്തുലഞ്ഞുനിൽക്കുന്ന സ്വപ്നഭൂമിയിലേക്ക് കഥാകാരൻ എത്തിച്ചേരുമ്പോൾ 'പ്രകൃതിയിലേക്ക് മടങ്ങുവാൻ' മനുഷ്യകുലത്തിനുനൽകുന്ന 'ഒരു മഹാസന്ദേശം കൂടിയായി' ഈ കഥ മാറുന്നു.